**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **06-07-2022 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ വേതനത്തിലെ വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഫിസിയോതെറാപിസ്റ്റ്/ഒക്കുപേഷണൽ തെറാപിസ്റ്റ്/സ്പീച്ച് തെറാപിസ്റ്റ് എന്നീ ബിരുദ കോഴ്സുകൾ പഠിച്ചിറങ്ങി സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക് ഒരേ നിരക്കിലുള്ള വേതനമാണോ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിൽ എന്തെങ്കിലും അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഫിസിയോതെറാപ്പിസ്റ്റ്/ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്/ സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ തസ്തികകൾക്ക് ഒരേ നിരക്കിലുള്ള വേതനമല്ല നൽകി വരുന്നത്. നിലവിൽ ഇത് പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | സംസ്ഥാനത്തെ ഒക്കുപേഷണൽ തെറാപിസ്റ്റുകളായി ജോലി ചെയ്യുന്നവരുടെ ദിവസവേതനം ഫിസിയോതെറാപിസ്റ്റുകൾക്ക് നൽകി വരുന്ന തുകയ്ക്ക് സമാനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഫിസിയോതെറാപ്പിസ്റ്റ്/ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്/ സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ തസ്തികകൾക്ക് ഒരേ നിരക്കിലുള്ള വേതനമല്ല നൽകി വരുന്നത്. നിലവിൽ ഇത് പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | സംസ്ഥാനത്തെ ആരോഗ്യ/മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ